LIBRARY ARCHIVES Kerala Legislative Assembly

കൊച്ചുവേളി റെയിൽവേ ടെർമിനൽ

120 [T1938] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ റെയിൽവേയുടെ കൊച്ചുവേളി ടെർമിനലിന്റെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുമെന്ന് അറിയിക്കാമോ ;

(ബി) ഈ ടെർമിനലിൽ നിന്ന് ഏതെല്ലാം തീവണ്ടി സർവ്വീസുകളാണ് ഓപ്പറേറ്റ് ചെയ്യുകയെന്ന് വിശദമാക്കാമോ ;

(സി) ടെർമിനലിലെത്തുന്ന യാത്രക്കാർക്കും മറ്റുള്ളവർക്കും പാർക്കിംഗ്, വെയിറ്റിംഗ് മുതലായ സൗകര്യങ്ങൾ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊച്ചുവേളി ടെർമിനൽ നിർമ്മാണവുമായി ബന്ധപ്പെട്ട് എല്ലാ പണികളും അതിന്റെ അവസാനഘട്ടത്തിലാണ്. 2005 മാർച്ച് മാസം അവസാനത്തോടെ ടെർമിനൽ പ്രവർത്തനക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) തുടക്കത്തിൽ ട്രെയിൻ നമ്പർ 2653/2654 'സമ്പർക്ക്-ക്രാന്തി' എക്സ്പ്രസ്സ് നിസ്സാമുദിനിലേയ്ക്ക് ഓപ്പറേറ്റ് ചെയ്യപ്പെടും.

(സി) അവയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലബാർ എക്സ്പ്രസ്സിന് വളപട്ടണത്ത് നിലവിലുള്ള സ്റ്റോപ്പ് നിലനിർത്താൻ നടപടി

121 [T1839] ശ്രീ.ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ എക്സ്പ്രസ്സിന് കണ്ണൂർ ജില്ലയിലെ വളപട്ടണത്ത് നിലവിലുള്ള സ്റ്റോപ്പ് നിർത്തലാക്കാൻ പോകുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രദേശത്തെ തൊഴിലാളികൾക്കും സ്ഥിരം യാത്രക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും വളപട്ടണം സ്റ്റോപ്പ് നിലനിർത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അത്തരം ഒരു നിർദ്ദേശം നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മലബാർ എക്സ്പ്രസ്സിൽ വളപട്ടണം സ്റ്റോപ്പിൽ നിന്നുമുള്ള യാത്രക്കാരുടെ എണ്ണം വളരെ കുറഞ്ഞതുകൊണ്ടാണ് റെയിൽവേ ഇത്തരത്തിലുള്ള ഒരു നിർദ്ദേശം പരിഗണിച്ചു വരുന്നത്. എങ്കിലും യാത്രക്കാരുടെ ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി വളപട്ടണത്ത് സ്റ്റോപ്പ് നിലനിർത്താൻ റെയിൽവേ അധികൃതരോട് ആവശ്യപ്പെടുന്നതാണ്.